REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 08-01-2025 **സമയം:** 12.30 PM

---

## പ്രധാന വാർത്തകൾ

- ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് ബില്ലുകൾ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യയോഗം ഡൽഹിയിൽ തുടങ്ങി.
- 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. സ്വർണക്കപ്പ് പോരാട്ടത്തിൽ തൃശൂർ മുന്നിൽ.
- സിനിമാതാരം ഹണിറോസിന്റെ പരാതിയിൽ ബോബി ചെമ്മണ്ണൂരിനെ പൊലീസ് കസ്റ്റഡിയിലെടുത്തു.
- പെരിയ ഇരട്ടക്കൊല കേസിൽ നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടതി സ്റ്റേ ചെയ്തു.
- കണ്ണൂർ മട്ടന്നൂർ ഉളിയിൽ ബസ്സും കാറും കൂട്ടിയിടിച്ച് രണ്ടു പേർ മരിച്ചു.
- ശബരിമലയിൽ വൻ തീർത്ഥാടക തിരക്ക് - പമ്പയിൽ നിയന്ത്രണം.

## വാർത്തകൾ വിശദമായി

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് ബില്ലുകൾ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യയോഗം ഡൽഹിയിൽ തുടങ്ങി. ഭരണഘടനയുടെ 129 -ാം ഭേദഗതി ബില്ലും, കേന്ദ്രഭരണപ്രദേശ നിയമ ഭേദഗതി ബില്ലുമാണ് സമിതി പരിഗണിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

**....(വോയ്സ്)...**

**യോഗത്തിന്റെ ആദ്യദിവസമായ ഇന്ന് നിയമ- നീതികാര്യ മന്ത്രാലയം ബില്ലുകൾ സംബന്ധിച്ച വിവരണം നൽകുമെന്ന് സമിതി അധ്യക്ഷൻ BJP നേതാവു കൂടിയായ PP ചൗധരി അറിയിച്ചു. മറ്റ് നടപടിക്രമങ്ങളൊന്നും ഇന്ന് ഉണ്ടായിരിക്കില്ല.**

**സമൂഹത്തിന്റെ വിവിധ തുറകളിലെ വിദഗ്ധരുമായി സമിതി കൂടിയാലോചന നടത്തുമെന്ന് ചൗധരി പറഞ്ഞു. നിയമവിദഗ്ധർ, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ സംഘടനകൾ തുടങ്ങിയവരിൽ നിന്ന് അഭിപ്രായങ്ങൾ ലഭിച്ചശേഷം അതിന്റെ അടിസ്ഥാനത്തിലായിരിക്കും സമിതിയുടെ തുടർനടപടികൾ തീരുമാനിക്കുക.**

**39 അംഗ സംയുക്ത സമിതിയിൽ 27 ലോക്സഭാംഗങ്ങളും, 12 രാജ്യസഭാംഗങ്ങളും ഉണ്ട്. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ അവസാന ആഴ്ചയിലെ ആദ്യദിവസം സമിതി റിപ്പോർട്ട് കൈമാറും.**

✪✪✪

**18-ാമത് പ്രവാസി ഭാരതീയ ദിവസ് കൺവെൻഷന് ഒഡീഷയിലെ ഭുവനേശ്വറിൽ തുടക്കമായി. 75 രാജ്യങ്ങളിൽ നിന്നും 6,000-ലധികം പ്രവാസി ഇന്ത്യക്കാർ കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ട്. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ് ക്രിസ്റ്റിൻ കാർല കങ്കലൂ മുഖ്യാതിഥിയായി ഓൺലൈനായി പങ്കെടുക്കും. യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ സഹകരണത്തോടെ ഒഡീഷ ഗവൺമെന്റ് സംഘടിപ്പിക്കുന്ന യൂത്ത് പ്രവാസി ഭാരതീയ ദിവസ് പരിപാടിയോടെയാണ് മൂന്ന് ദിവസത്തെ കൺവൻഷൻ ആരംഭിച്ചത്. കേന്ദ്രമന്ത്രിമാരായ ഡോ എസ് ജയശങ്കർ, പബിത്ര മാർഗരിറ്റ, ഡോ മൻസുഖ് മാണ്ഡവ്യ, രക്ഷ നിഖിൽ ഖഡ്സെ, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി എന്നിവർ ഇന്ന് കൺവെൻഷനലിൽ പങ്കെടുക്കുന്നുണ്ട്.**

**പ്രധാനമന്ത്രി നരേന്ദ്ര മോദി പരിപാടി നാളെ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. പ്രവാസികൾക്കായി പ്രത്യേക ടൂറിസ്റ്റ് ട്രെയിനായ പ്രവാസി ഭാരതീയ എക്സ്പ്രസ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.**

**മറ്റന്നാൾ നടക്കുന്ന സമാപന സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു അധ്യക്ഷയാകും. വിവിധ മേഖലകളിലെ നേട്ടങ്ങൾക്ക് പ്രവാസി ഭാരതീയ സമ്മാൻ രാഷ്ട്രപതി വിതരണം ചെയ്യും.**

✪✪✪

**63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. സ്വർണക്കപ്പിനായി പൊരിഞ്ഞ പോരാട്ടം നടക്കുന്ന കലോത്സവത്തിൽ 970 പോയിന്റുമായി തൃശൂർ ആണ് മുന്നിൽ. 966 പോയിന്റ് വീതം നേടി പാലക്കാടും കണ്ണൂരുമാണ് രണ്ടാമത്. 964 പോയിന്റ് നേടി കോഴിക്കോട് ആണ് മൂന്നാം സ്ഥാനത്ത് തുടരുന്നത്.**

**ഉച്ചക്ക് 2 മണിയോടെ അവസാനിക്കുന്ന രീതിയിലാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. വൈകിട്ട് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് VD സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി V. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ ടൊവിനോ തോമസും ആസിഫ് അലിയും മുഖ്യതിഥികളാകും.**

**സമാപന സമ്മേളനത്തിൽ വിജയികൾക്കു സ്വർണ്ണകപ്പ് മന്ത്രി V ശിവൻകുട്ടി സമ്മാനിക്കും. ചൂരൽ മലയിലെ വിദ്യാർത്ഥികൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേക സമ്മാനം നൽകും.**

✪✪✪

**കവയത്രി സുഗതകുമാരിയുടെ നവതി ആഘോഷത്തിന്റെ ഭാഗമായ സൂക്ഷ്മവനം ഉദ്ഘാടനത്തിന് കേന്ദ്രസഹമന്ത്രി L മുരുഗൻ നാളെ കൊച്ചിയിലെത്തും. വടുതല ചിന്മയ വിദ്യാലയത്തിലാണ് നവതി ആഘോഷ പരിപാടി.**

✪✪✪

**തിരുവനന്തപുരം- കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസിൽ നാളെ മുതൽ ശനിയാഴ്ച വരെ ഒരു അഡീഷണൽ ചെയർകാർ കോച്ച് ഏർപ്പെടുത്തും. യാത്രക്കാരുടെ തിരക്ക് പരിഗണിച്ചാണ് നടപടി.**

✪✪✪

**സിനിമാതാരം ഹണിറോസിന്റെ പരാതിയിൽ ബോബി ചെമ്മണ്ണൂരിനെ വയനാട് മേപ്പാടി നെല്ലിമുണ്ടയിൽ നിന്ന് പൊലീസ് കസ്റ്റഡിയിലെടുത്തു. വയനാട് പുത്തൂർവയൽ AR ക്യാമ്പിൽ എത്തിച്ചശേഷം ബോബി ചെമ്മണ്ണൂരിനെ പൊലീസ് വാഹനത്തിൽ എറണാകുളത്തേക്ക് കൊണ്ടുപോകുമെന്നാണ് റിപ്പോർട്ട്. സ്ത്രീത്വത്തെ അപമാനിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ബോബി ചെമ്മണ്ണൂരിനെ**

കസ്റ്റഡിയിലെടുത്തത്. പൊലീസ് നടപടി ആശ്വാസകരമാണെന്നും സ്ത്രീത്വത്തെ അപമാനിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ ഉണ്ടാവുമെന്നതിന്റെ സൂചനയാണിതെന്നും ഹണിറോസ് മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

പെരിയ ഇരട്ടക്കൊല കേസിൽ CBI പ്രത്യേക കോടതി അഞ്ചുവർഷം കഠിന തടവിന് വിധിച്ച നാല് പ്രതികളുടെ ശിക്ഷ ഹൈക്കോടതി സ്റ്റേ ചെയ്തു. കേസിൽ ശിക്ഷിക്കപ്പെട്ട മുൻ ഉദുമ MLA കെ വി കുഞ്ഞിരാമൻ, K മണികണ്ഠൻ, രാഘവൻ വെളുത്തോളി, K.V ഭാസ്കരൻ എന്നിവരുടെ ശിക്ഷാവിധിയാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്.

CBI കോടതി വിധിക്കെതിരെ പ്രതികൾ സമർപ്പിച്ച അപ്പീലിലാണ് ജസ്റ്റിസ് PB സുരേഷ് കുമാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

✪✪✪

ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന 'അന്തിപ്പച്ച' പദ്ധതി കോഴിക്കോട് കുന്ദമംഗലത്ത് മന്ത്രി K. രാജൻ നാളെ ഉദ്ഘാടനം ചെയ്യും.

കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുന്ന പദ്ധതിയാണ് സഞ്ചരിക്കുന്ന മത്സ്യവിപണനശാലയായ 'അന്തിപ്പച്ച'.

✪✪✪

കണ്ണൂർ മട്ടന്നൂർ ഉളിയിൽ ബസ്സും കാറും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. ഉളിക്കൽ സ്വദേശികളായ ബീന, ലിജോ എന്നിവരാണ് മരിച്ചത്. പരിക്കേറ്റ ഒരാളുടെ നില ഗുരുതരമാണ്. ഇയാളെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തലശ്ശേരിയിലേക്ക് പോവുകയായിരുന്ന സ്വകാര്യ ബസ്സും എതിരെ വന്ന കാറുമാണ് ഇന്ന് രാവിലെ കൂട്ടിയിടിച്ചത്. കാർ പൂർണമായും തകർന്നു. കുടുങ്ങിയവരെ കാർ വെട്ടിപ്പൊളിച്ചാണ് അഗ്നിരക്ഷാസേന പ്പുറത്ത് എടുത്തത്.

✪✪✪

ഇടുക്കി പുല്ലു പാറയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞ് മരണമടഞ്ഞ നാല് മാവേലിക്കര സ്വദേശികളുടെ സംസ്കാര ചടങ്ങുകൾ ഇന്ന് പൂർത്തിയാകും.

മറ്റം തെക്ക് സ്വദേശിയായ സംഗീത് സോമന്റെയും കൊറ്റാർകാവ് സ്വദേശിനി ബിന്ദു നാരായണന്റെയും സംസ്കാര ചടങ്ങുകൾ ഇന്നലെ നടത്തി. പല്ലാരിമംഗലം സ്വദേശിനി രമ മോഹന്റെയും തട്ടാരമ്പലം സ്വദേശി അരുൺ ഹരിയുടെയും ശവസംസ്കാരം ഇന്നാണ്.

✪✪✪

കണ്ണൂർ മുഴപ്പിലങ്ങാട് ദേശീയപാതയിൽ KSRTC ബസ് ഇടിച്ച് സ്കൂട്ടർ യാത്രക്കാരൻ മരിച്ചു. തലശ്ശേരി ചേറ്റംകുന്ന് സ്വദേശി സജ്മീർ ആണ് മരിച്ചത്.

✪✪✪

കോഴിക്കോട് തിരുവമ്പാടി തമ്പലമണ്ണയിൽ പുലർച്ചെ കാറപകടത്തിൽ രണ്ട് പേർക്ക് പരുക്കേറ്റു. കർണ്ണാടകയിൽ നിന്നും ശബരിമല തീർത്ഥാടകർ സഞ്ചരിച്ച കാറാണ് അപകടത്തിൽപ്പെട്ടത്. സാരമായി പരുക്കേറ്റ രണ്ട് പേരെ സ്വകാര്യ മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു.

✪✪✪

ശബരിമലയിൽ തിരക്കേറി. ഇന്നു പുലർച്ച മുതൽ പമ്പയിൽ നിന്ന് നിയന്ത്രണങ്ങളോടെയാണ് തീർഥാടകരെ സന്നിധാനത്തേയ്ക്ക് കയറ്റിവിടുന്നത്.

ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.

.......(വോയ്സ്)...........

✪✪✪

ആത്മഹത്യ ചെയ്ത മുൻ DCC ട്രഷറർ NM വിജയന്റെ കുടുംബാംഗങ്ങളെ കാണാൻ KPCC നിയോഗിച്ച സമിതി വയനാട്ടിലെത്തി. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ അഞ്ചംഗ സംഘമാണ് NM വിജയന്റെ വീട്ടിലെത്തിയത്.

പാർട്ടിക്കെതിരായ ആരോപണങ്ങൾ സംബന്ധിച്ച് സമിതി കുടുംബാംഗങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തും.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഡൽഹി FCയെ നേരിടും. പഞ്ചാബിലെ മഹിപുരിൽ ഉച്ചകഴിഞ്ഞ് രണ്ടിനാണ് കിക്കോഫ്.

✪✪✪

റാഞ്ചിയിൽ ദേശീയ സീനിയർ സ്കൂൾ മീറ്റ് ഇന്ന് സമാപിക്കും. നാല് സ്വർണ്ണവും അഞ്ച് വെള്ളിയുമുൾപ്പെടെ 12 മെഡലുകളാണ് കേരളത്തിന് ഇതുവരെ ലഭിച്ചത്.

അവസാന ദിവസമായ ഇന്ന് 12 ഫൈനൽ ഉണ്ട്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് FC ഗോവ, ഹൈദരാബാദ് FC യെ നേരിടും. ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

റാഞ്ചിയിൽ ദേശീയ സീനിയർ സ്കൂൾ മീറ്റ് ഇന്ന് സമാപിക്കും. നാല് സ്വർണ്ണവും അഞ്ച് വെള്ളിയുമുൾപ്പെടെ 12 മെഡലുകളാണ് കേരളത്തിന് ഇതുവരെ ലഭിച്ചത്.

അവസാന ദിവസമായ ഇന്ന് 12 ഫൈനൽ ഉണ്ട്.

✪✪✪

ഈ വർഷത്തെ ഇന്ത്യ ഓപ്പൺ സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ, P.V സിന്ധു എന്നിവരടക്കം 21 താരങ്ങൾ പങ്കെടുക്കും. ഈ മാസം 14 മുതൽ ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിലെ K.D ജാദവ് ഇൻഡോർ ഹാളിലാണ് ടൂർണമെന്റ്.

✪✪✪

സംസ്ഥാന കാർഷിക വില നിർണയ ബോർഡിന്റെ ആഭിമുഖ്യത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിളവെടുപ്പിന് ശേഷമുള്ള പരിപാലനം എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് ഇന്ന് ദേശീയ ശില്പശാല സംഘടിപ്പിക്കും. ദേശീയ ശില്പശാല മന്ത്രി P. പ്രസാദ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മലപ്പുറം ജില്ലാ സിറ്റിംഗിൽ പരിഗണിച്ച 15 കേസുകളിൽ അഞ്ചെണ്ണം തീർപ്പായി. തിരൂരിൽ നടന്ന സിറ്റിങ്ങിൽ കമ്മീഷൻ ചെയർമാൻ AA. റഷീദാണ് പരാതികൾ പരിഗണിച്ചത്.

✪✪✪

കാസർകോട് ജില്ല ഇൻഫർമേഷൻ ഓഫീസും കലക്ടറേറ്റ് അക്ഷര ലൈബ്രറിയും ചേർന്ന് സംഘടിപ്പിക്കുന്ന MT അനുസ്മരണ പരിപാടികൾ ഇന്ന് ആരംഭിക്കും. ഉച്ചയ്ക്ക് MT പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും.

✪✪✪

---

*News Editor: V.K Suresh*
*Standby : Anil Chandran*
*Casual News Reader: NImisha G*